മുഖ്യനഗരാസൂത്രകന്റെ നടപടി

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്-മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം-സാങ്കേതിക വിഭാഗം- കൊല്ലം ജില്ല - കൊല്ലം നഗരസഭ വടക്കേവിള വില്ലേജ് ഓട്ടോമൊബൈൽ വാഷ് സ്റ്റാൾ നിർമ്മാണം - കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:-1) കൊല്ലം നഗരസഭ സെക്രട്ടറിയുടെ 02.02.17, ലെ PW1/BA/49/16-17 നമ്പർ കത്ത്

2) കൊല്ലം ടൗൺ പ്ലാനറുടെ 21.02.17, -ലെ സി-205/2017 നമ്പർ കത്ത്.

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ. സി3/2043/2017/D.Dis. **തീയതി: 24/01/2018**

കൊല്ലം ജില്ലയിലെ കൊല്ലം നഗരസഭ പരിധിയിലുള്ള വടക്കേവിള വില്ലേജിൽ റീസർവ്വെ നമ്പർ 27/1,2,3,4 എന്നിവയിൽപ്പെട്ട 15.22. ആർ സ്ഥലത്ത് 284.04 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ഒരു ഓട്ടോമൊബൈൽ വാഷ്സ്റ്റാൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.മാത്യൂസ് മാത്യൂ മുതലാളി -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ. 1999- നും താഴെപ്പറയുന്ന നിബന്ധനകൾക്കും, വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1) താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി., എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഓക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2) കെ.എം.ബി.ആർ. 1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3) നിർമ്മാണം, കെഎം.ബി.ആർ.1999 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5) കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7) കെ.എം.ബി.ആർ 1999 ലെ ചട്ടം 59(14) പ്രകാരമുള്ള ദ്രവ്യമാലിന്യ സംസ്കരണ പ്ലാന്റ്, ചട്ടം 59(15) പ്രകാരമുള്ള മലിനജലം പുനരുപയോഗിക്കുന്നതിനുള്ള റീസൈക്ലിംഗ് സൗകര്യം എന്നിവ ലഭ്യമാക്കിയിരിക്കണം.
8) ചട്ടപ്രകാരം ആവശ്യമായ സാനിട്ടേഷൻ സൗകര്യങ്ങൾ നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, കൊല്ലം നഗരസഭ.

ഷിജി.ഇ.ചന്ദ്രൻ
സീനിയർ ടൗൺ പ്ലാനർ

പകർപ്പ്:- 1.ശ്രീ.മാത്യൂസ് മാത്യു മുതലാളി,
മലയിൽ ഹൗസ്, മുണ്ടയ്ക്കൽ ഈസ്റ്റ് പി.ഒ. കൊല്ലം

2. ടൗൺ പ്ലാനർ, കൊല്ലം 3. വെബ്സൈറ്റ് 4. കരുതൽ ഫയൽ 5. അധികം.

അ25.1.18

0472036